ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്) :

(എ) 26-4-1957-നുശേഷം സംസ്ഥാനത്തെ റിസർവ്വ് വനങ്ങളിൽ അനധികൃതമായി പ്രവേശിച്ചതിനു് ഡിപ്പാർട്ടുമെൻറിൽനിന്നും 584 പേരുടെ പേരിൽ എവിക്ഷൻ നടപടി നടത്തിയിട്ടുണ്ടു്.

(ബി) 14 പേർക്കു്; അതിൽ 12 പേർക്കു് ഗവണ്മെൻറിൽനിന്നും അനുവദിച്ച സ്റ്റേ പിൻവലിച്ചു.

ശ്രീ. ഇ. പി. പൗലോസു്: കമ്മീഷൻറെ റിപ്പോർട്ടിൽ നേരത്തെ പ്രവേശിച്ചിരുന്നവർ ഉള്ളതായി പറഞ്ഞിട്ടുണ്ടോ?

ശ്രീ. കെ. സി. ജോർജ്ജു്: പ്രത്യേകം ചോദ്യം ചോദിക്കണം.

പബ്ലിക്ക സർവ്വീസു കമ്മിഷനിലേയ്ക്കു് എടുക്കപ്പെട്ടവർ.

* 1340. [21] ശ്രീ. സി. സി. അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി പബ്ലിക്ക സർവ്വീസു കമ്മിഷനിലേയ്ക്കു് എടുക്കപ്പെട്ടവരുടെ ഓരോരുത്തരുടെയും ശമ്പളമെന്തു്; അലവൻസു് എന്തു്;

(ബി) ഹരിജനങ്ങളിൽനിന്നുകൂടി ഒരാളെ പബ്ലിക്ക സർവ്വീസു കമ്മിഷനിലേയ്ക്കു് എടുത്തതു് അവരുടെ അവകാശത്തെ വകവച്ചുകൊടുക്കാൻ ഗവണ്മെൻറു തയ്യാറുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടു്) :

(എ) ഓരോരുത്തർക്കും പ്രതിമാസം 1250 രൂപ; അലവൻസു് ഇല്ല.

(ബി) കമ്മിഷൻറെ അംഗസംഖ്യ ഇനിയും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. എം. ജോർജ്ജു്: അലവൻസു് ഇല്ലെന്നു പറഞ്ഞു. നിലവിലുള്ള മെമ്പറന്മാർക്കു് ഒരു കൊല്ലത്തിൽ ടി. എ. ശരാശരി എന്തു വരുമെന്നറിയാമോ?

ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടു് : പ്രത്യേകം ചോദ്യം ചോദിച്ചാൽ പറയാം.

ശ്രീ. പി. ടി. ചാക്കോ: ഇവ നിയമിച്ചതിൽ ഒരാൾ ഒരു മന്ത്രിയുടെ പ്രൈവറ്റു് സെക്രട്ടറി ജോലി നോക്കിയിരുന്ന ആളാണോ?

ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടു് : അതേ. അതു് അറിയാമെന്നുള്ള ഒരു കാര്യമാണല്ലോ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കോൺഗ്രസ്സു് എം. എൽ. എ.-യായിരുന്ന ഒരാൾ ഈ കമ്മീഷനിൽ ഉണ്ടെന്നറിയാമോ?

ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടു്: അറിയാം.

ശ്രീ. പി. ടി. ചാക്കോ : പ്രൈവറ്റു് സെക്രട്ടറി ജോലി നോക്കിക്കൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിനു് എന്തു ശമ്പളമുണ്ടായിരുന്നു?

ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടു് : 350 രൂപ.

ശ്രീ. പി. ടി. ചാക്കോ: 350 രൂപ ശമ്പളത്തിൽ പ്രൈവറ്റു് സെക്രട്ടറിയായി ജോലി നോക്കിക്കൊണ്ടിരുന്ന ഒരാളെ പബ്ലിക്കു് സർവ്വീസു് കമ്മീഷൻ അംഗമായി നിയമിച്ചതുകൊണ്ടു് ആ മന്ത്രിക്കും മന്ത്രിയോടു് ബന്ധപ്പെട്ടവർക്കും കൂടുതൽ സ്വാധീനം ഉണ്ടാകുമെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

**Mr. Speaker:** That question need not be answered because it contains an insinuation.

**Shri P. T. Chacko:** What is the insinuation; I am entitled to ask that question.

**Mr. Speaker:** It proceeds on a presumption.

ശ്രീ. പി. ടി. ചാക്കോ: അങ്ങനെയാണെങ്കിൽ ഗവണ്മെൻറിനെപ്പറ്റി ഒന്നും പറയാൻ പാടില്ലല്ലോ. അങ്ങേയ്ക്ക് ആ ചോദ്യം തടയേണ്ട ആവശ്യം ഉണ്ടായിരിക്കാം. പ്രൈവറ്റ് സെക്രട്ടറിയായിരുന്ന ആളെ ഇങ്ങനെ നിയമിച്ചാൽ അത് അഴിമതിയാകും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ചോദ്യം ഒരു സപ്ലിമെൻററി ചോദ്യം എന്ന നിലയിൽ അനുവദിക്കാതെ തടയേണ്ട യാതൊരാവശ്യവും എനിക്കുണ്ടായിട്ടില്ല. ഭാവിയിൽ പക്ഷപാതപരമായ നടപടികൾ ഉണ്ടാകാൻ ഇടയുണ്ടെന്നുള്ള നിലയിൽ ഒരു പ്രിസംഷൻ വച്ചുകൊണ്ട് പ്രൊസീഡ് ചെയ്യുന്നതു് ശരിയായിരിക്കുമോ?

ശ്രീ. പി. ടി. ചാക്കോ: എനിക്ക് പറയാനുള്ളതുകൂടി കേൾക്കണം. അങ്ങേക്ക് അങ്ങനെ വ്യാഖ്യാനിക്കാം. 350 രൂപ ശമ്പളത്തിൽ പ്രൈവറ്റ് സെക്രട്ടറി ജോലി നോക്കിക്കൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അംഗമായി നിയമിക്കുന്നതു് ഒഴിമതിയാണ്. അതു് ഗവണ്മെൻറിനറിയാമോ എന്നാണു് ഞാൻ ചോദിക്കുന്നതു്.

മി. സ്പീക്കർ: 350 രൂപാ ശമ്പളത്തിൽനിന്നും 900 രൂപ ശമ്പളക്കൂട്ടത്തിലുള്ള ഒരു ഉദ്യോഗത്തിൽ അദ്ദേഹത്തെ നിയമിക്കാനുള്ള അർഹത എന്താണെന്നു ചോദിക്കാമെന്നല്ലാതെ.....

ശ്രീ. പി. ടി. ചാക്കോ: ശരി. പ്രൈവറ്റ് സെക്രട്ടറിയായി ജോലി നോക്കുന്നതിനു് മുമ്പു അദ്ദേഹത്തിനു് എന്തു ജോലിയായിരുന്നുവെന്നും എന്തു ശമ്പളമുണ്ടായിരുന്നുവെന്നും പറയാമോ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: ശമ്പളം എന്തായിരുന്നുവെന്നു എനിക്കിപ്പോൾ ഓർമ്മയില്ല. പക്ഷേ കുറവായിരുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: കോൺഗ്രസ് എം. എൽ. എ-യെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അംഗമായി എടുത്തിട്ടുണ്ടെന്നു പറഞ്ഞു. അദ്ദേഹത്തിനു് മുമ്പുണ്ടായിരുന്ന ശമ്പളമെന്തായിരുന്നു?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: എനിക്കു അതു് അറിവില്ല. ആവശ്യമുണ്ടെങ്കിൽ പഴയ കടലാസ് നോക്കി വിവരമുണ്ടെങ്കിൽ പറയാം.

ശ്രീ. ജോസഫ് ചാഴിക്കാടൻ: 350 രൂപ ശമ്പളത്തിലിരുന്ന ഒരാളെ പെട്ടെന്നു് 900 രൂപ ക്രട്ടി നിയമിക്കത്തക്കവണ്ണം നിയമിക്കപ്പെട്ട ആളിൻറെ പ്രത്യേക യോഗ്യത എന്താണു്? വേറെ ആളെ കിട്ടാതിരിക്കത്തക്ക വിധത്തിൽ ഈ ആളിനെ നിയമിക്കുന്നതിനുള്ള പരിതഃസ്ഥിതി എന്തായിരുന്നു?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്: പബ്ലിക് സർവ്വീസ് കമ്മീഷൻ മെമ്പറന്മാരുടെ ശമ്പളം നിശ്ചയിച്ചിട്ടുണ്ടു്. അതു് 1,250 രൂപയാണു്. ആ സ്ഥാനത്തേക്കു് നിശ്ചയിക്കുന്ന എല്ലാവർക്കും കിട്ടുന്ന ശമ്പളമാണതു്. അദ്ദേഹം ആ സ്ഥാനത്തിനർഹനാണെന്നു് മലബാറിലെ ഡിസ്ട്രിക്ട് ബോർഡിലും മറ്റു പല കാര്യങ്ങളിലും അദ്ദേഹം ചെയ്തിട്ടുള്ള പ്രവൃത്തിയെ സംബന്ധിച്ചു് അറിവുള്ള എല്ലാവരും സമ്മതിക്കുന്നതാണു്.

ശ്രീ. കെ. ഭാർഗ്ഗവൻ: കോൺഗ്രസ്സ് എം. എൽ. എ. ആയിരുന്ന ആളെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അംഗമായി എടുത്തതു് അനധികൃതമായി സ്വാധീനം ചെലുത്താനായിരുന്നോ?

LIBRARY ARCHIVES Kerala Legislative Assembly

**Mr. Speaker :** How can the Chief Minister answer that question ?

ശ്രീ. പി. ടി. ചാക്കോ : ഈ നിയമനത്തിനുശേഷം ഗവണ്മെൻറ പാർട്ടിയിലെ ഒരധികാരി നമ്മുടെ സ്വന്തം ആൾ പബ്ലിക്ക് സർവ്വീസ് കമ്മിഷനിൽ വന്നിരിക്കുന്ന തുകൊണ്ട് എനിക്ക് ഇന്ന ഇന്ന ധൈര്യങ്ങൾ സാധിച്ചതരണമെന്നു ഒരു കത്തും എഴുതിയതും പത്രങ്ങളിൽ പരസ്യപ്പെടുത്തിയതും ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : അടിസ്ഥാനരഹിതമായ പല ആരോപണങ്ങളും പത്രങ്ങളിൽ പരസ്യപ്പെടുത്തിക്കാണാറുണ്ട്. അതിൽ എന്തെങ്കിലും അടിസ്ഥാനമുണ്ടോ എന്നും ഗവണ്മെൻറ പരിശോധിക്കുന്നതായിരിക്കും.

## കോവാപ്പറേറീവ് സൊസൈറ്റി അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കമ്പനികൾ.

* 1341. [22] ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നശേഷം എത്ര കമ്പനികൾ ചെറുകിട വ്യവസായാവശ്യാർത്ഥം കോവാപ്പറേറീവ് സൊസൈറ്റി അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) സൊസൈറ്റി അടിസ്ഥാനത്തിലല്ലാതെ എത്ര രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) രജിസ്റ്റർ ചെയ്ത കമ്പനികളുടെ പേരും ഡയറക്ടർമാരുടെ പേരും അടങ്ങിയ ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുമോ ;

(ഡി) അത്തരം കമ്പനികളിൽ ഏതിനെല്ലാം ലോൺ കൊടുത്തിട്ടുണ്ട് ; എത്ര എന്നു കാണിക്കുന്ന പട്ടിക മേശപ്പുറത്തു വയ്ക്കുമോ ;

(ഇ) ഓരോന്നിൻറെയും ഷെയർ കാപ്പിറൽ, Investment സംഖ്യകൾ എത്ര ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി ഗോപാലൻ) :

വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## കോമൺവെൽത്ത് മാനേജ്മെൻറിൻകീഴിലുള്ള വ്യവസായ സ്ഥാപനങ്ങൾ.

* 1342. [23] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിൽ കോമൺവെൽത്ത് മാനേജ്മെൻറിൻ കീഴിൽ എത്ര വ്യവസായസ്ഥാപനങ്ങളുണ്ട് ; അവയിൽ പവർലൂം ഫാക്ടറികൾ എത്ര ;

(ബി) കുണ്ടറ കോമൺവെൽത്ത് വീവിങ്ങ് ഫാക്ടറിയിൽ 58-ൽ ഉണ്ടായിരുന്ന തൊഴിൽത്തർക്കം അവസാനപ്പിക്കുന്നതിൽ ഓഗസ്റ്റുകയുണ്ടായിരുന്ന പാർട്ടികൾ ഏതൊക്കെ ; ഗവണ്മെൻറ് പ്രസ്തുത മാധ്യസ്ഥഎഗ്രിമെൻറിൽ ഒപ്പുവച്ചിരുന്നുവോ ;

(സി) ആ എഗ്രിമെൻറ് (agreement) നുശേഷം എത്ര തൊഴിലാളികളെ പിരിച്ചുവിട്ടിട്ടുണ്ട് ; ഇപ്പോഴും പിരിച്ചുവിടൽ തുടരുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly